**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 439** **21-07-2022 - ൽ മറുപടിയ്ക്ക്**

**കായിക മേഖലയുടെ പുരോഗതിക്ക് സ്വകാര്യ മേഖലയുടെ സഹകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായിക മേഖലയുടെ പുരോഗതിക്കായി എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയുടെ പുരോഗതിക്കായി വിവിധ തലങ്ങളിലായാണ് അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കി വരുന്നത്. ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്. ഇതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുക എന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>ഓരോ കളിസ്ഥലത്തിലും സ്ഥല ലഭ്യതക്കും, ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്‌ലെറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പ്രസ്തുത പദ്ധതി നിർവഹണത്തിനായുള്ള ധാരണാപത്രം അംഗീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള കളിക്കളങ്ങളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സർക്കാരിന്റെ 'എല്ലാവർക്കും ആരോഗ്യം' എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ 9 എണ്ണത്തിന്റെ നിർമ്മാണം** |

പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ 10-ഓളം ഫിറ്റ്നസ് സെൻററുകളുടെ പ്രവൃത്തി നടപ്പിലാക്കിവരികയുമാണ്. ഫിറ്റ്നസ് സെൻററുകളിലേക്ക് ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി (3 വർഷത്തെ എ.എം.സി ഉൾപ്പെടെ) 4.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇന്റീരിയർ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉപകരണങ്ങൾ സജ്ജീകരിച്ച് ഫിറ്റ്നസ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതാണ്.

ടൂറിസം വകുപ്പിന് കീഴിൽ കായിക യുവജനകാര്യ വകുപ്പ് മുഖേന 7 ജില്ലകളിൽ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) ഓപ്പൺ ജിംനേഷ്യം ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ മലപ്പുറം ജില്ലയിൽ ഉൾപ്പെടുത്തിയിട്ടുള്ള വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ കളിയാട്ടമുക്ക് സ്റ്റേഡിയത്തിൽ ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. തൃത്താല നിയോജകമണ്ഡലത്തിലെ തിരുമിറ്റക്കോട്, നാഗലശ്ശേരി, ചാലിശ്ശേരി, തൃത്താല എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓപ്പൺ ജിംനേഷ്യവും അനുബന്ധ സംവിധാനങ്ങളും സ്ഥാപിക്കുന്നതിനായി എം.എൽ.എ ഫണ്ട് മുഖേന 40,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇവയുടെ പ്രവൃത്തിയും ഉടൻ ആരംഭിക്കുന്നതാണ്.

കായിക താരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും സജ്ജരാക്കുന്നതിലേക്കായി സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കി വരുന്നുണ്ട്.

കൂടാതെ കായികയിനങ്ങളിൽ തൽപരരായവരെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകി ദേശീയ അന്തർദേശീയ തലങ്ങളിൽ മെഡൽ നേടുന്നതിന് പ്രാപ്തരാക്കുന്നത് ലക്ഷ്യമിട്ട് കായികയുവജനകാര്യാലയം മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-I ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ബഹു.മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി കേരള സ്റ്റേറ്റ് സ്പോർട്സ്

| | | | |
|---|---|---|---|
| | | | **കൗൺസിലിന്റെ നേതൃത്വത്തിൽ കേരളത്തിലെ വനിതാ ഫുട്ബോൾ കായികതാരങ്ങളെ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത മേഖലയുടെ പുരോഗതിക്കായി സ്വകാര്യ മേഖലയുടെ സഹകരണം തേടിയിട്ടുണ്ടോ; | (ബി) | **കായികമേഖലയുടെ വികസനത്തിനായി പ്രവർത്തിച്ചു വരുന്ന കായിക സംഘടനകൾ, അക്കാഡമികൾ, ക്ലബ്ബുകൾ എന്നിവയ്ക്ക് ധനസഹായം അനുവദിച്ചു വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകിയ സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.**<br><br>**കായികമേഖലയുടെ സമഗ്രവികസനത്തിനായി പൊതുയിടങ്ങളിൽ സ്പോർട്സ് ഫെസിലിറ്റി നിർമ്മാണത്തിനായി സ്വകാര്യ വ്യക്തികളുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ കളിയിടങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബൈലാറ്ററൽ എഗ്രിമെൻറ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (സി) | സ്വകാര്യ മേഖലയിലെ കായിക സ്ഥാപനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ? | (സി) | **കായികമേഖലയുടെ വികസനത്തിനായി പ്രവർത്തിച്ചു വരുന്ന കായിക സംഘടനകൾ, അക്കാഡമികൾ, ക്ലബ്ബുകൾ എന്നിവയ്ക്ക് ധനസഹായം അനുവദിച്ചു വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകിയ സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.**<br><br>**കായികമേഖലയുടെ സമഗ്രവികസനത്തിനായി പൊതുയിടങ്ങളിൽ സ്പോർട്സ് ഫെസിലിറ്റി നിർമ്മാണത്തിനായി സ്വകാര്യ വ്യക്തികളുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ കളിയിടങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബൈലാറ്ററൽ എഗ്രിമെൻറ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

### 1) ഗോൾ

ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര ഗ്രാമ പ്രദേശങ്ങളിലെയും, ഗിരിവർഗ്ഗ, കടൽത്തീരമേഖലകളിലെയും കുട്ടികളിൽ നിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് കിക്കോഫ്. സംസ്ഥാനത്ത് 25 കുട്ടികൾ വീതമുള്ള 33 സെന്ററുകളിലായി പരിശീലനം നടന്നു വരുന്നു. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കിക്കോഫ് പദ്ധതി സംയോജിപ്പിച്ച് ഗോൾ എന്ന പുനർനാമകരണം ചെയ്തിട്ടുണ്ട്. വൺ മില്യൺ ഗോൾ ക്യാമ്പയനിലൂടെ പരമാവധി പ്രചരണം നൽകി അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി വിദഗ്ധമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ഗോൾ എന്ന പദ്ധതിയുടെ ഭാഗമാക്കി സുദീർഘമായ ഫുട്ബോൾ പരിശീലനം നൽകുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

### 2) ഹെൽത്തി കിഡ്സ്

കേരള സംസ്ഥാനത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായികയുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.റ്റി-യുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ്. 25 സ്കൂളുകളിലായി നടപ്പിലാക്കിയിരുന്ന പ്ലേ ഫോർ ഹെൽത്ത എന്ന പദ്ധതി 30 സ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിച്ച് പ്രാഥമികമായി 55 സ്കൂളുകളിൽ ഹെൽത്തി കിഡ്സ് എന്ന പേരിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കായികയുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനയാണ് ഹെൽത്തി കിഡ്സ് പദ്ധതി നടപ്പിലാക്കുന്നതിന് 2,07,65,480/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനും ഏകോപനത്തിനുമായി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും കുറഞ്ഞത് ഒരു സ്കൂളിലെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

### 3) ജൂഡോക്ക

സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനുള്ള പദ്ധതിയാണിത്. എട്ട് മുതൽ പതിനൊന്ന് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്ത് 10 ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ചു വരുന്നു.

### 4) പഞ്ച്

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണ് പഞ്ച്. 8 മുതൽ 11 വയസ് വരെ പ്രായമുള്ള പെൺകുട്ടികളിൽ നിന്നും ബോക്സിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുകയാണ് പദ്ധതി മുഖേന ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുക.

### 5) മലബാർ ബേബി ലീഗ്

കേരളത്തിൽ പുതു തലമുറ ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി

എ.ഐ.എഫ്.എഫ് ഗോൾഡൻ ബേബി ലീഗുകളുടെ മാതൃകയിൽ കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ മലബാർ ബേബി ലീഗുകൾ നടപ്പ് സാമ്പത്തിക വർഷം സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ലീഗ് സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചു വരികയാണ്.

**6) യൂത്ത് ഗേൾസ് ലീഗ്**

സംസ്ഥാനത്ത് വനിത ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി എല്ലാ ജില്ലകളിലേയും ടീമുകളെ ഉൾപ്പെടുത്തി യൂത്ത് ഗേൾസ് ലീഗ് നടപ്പ് സാമ്പത്തിക വർഷം സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ലീഗ് സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചു വരികയാണ്.

**7) എ.ഐ.എഫ്.എഫ് കോച്ചിംഗ് ലൈസൻസ് വർക്ക്ഷോപ്പ്**

കേരളത്തിൽ പുതു തലമുറ ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി പ്രമുഖ ഫുട്ബോൾ താരങ്ങൾക്ക് എ.ഐ.എഫ്.എഫ് കോച്ചിംഗ് ലൈസൻസ് വർക്ക് ഷോപ്പ് നടപ്പ് സാമ്പത്തിക വർഷം സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചു വരികയാണ്.

**8) ഹൂപ്സ്**

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

**9) സ്പ്രിന്റ്- ഗ്രാസ്റൂട്ട് അത്ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം**

ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട് , പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

Rajesh Pillai
സെക്ഷൻ ഓഫീസർ

അനുബന്ധം 2

<u>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ കായിക സംഘടനകൾ/ കായിക അക്കാദമികൾ എന്നിവയ്ക്ക് അനുവദിച്ച ധനസഹായം</u>

2020-21 ലെ ബജറ്റിൽ വകയിരുത്തിയ പ്രകാരം കേരള ഒളിമ്പിക് അസോസിയേഷൻ, മേഴ്സിക്കുട്ടൻ അക്കാദമി, ധ്യാൻചന്ദ് ഹോക്കി അക്കാദമി, ഇ.എം.എസ്. സ്പോർട്സ് & ഗെയിംസ് അക്കാദമി കൊട്ടുമൺ എന്നിവയ്ക്ക് അവയുടെ വിവിധ പ്രവർത്തനങ്ങൾക്കായി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ സംഘം ആർട്സ് & സ്പോർസ് ക്ലബ്ബ്, മടിക്കൈ, പിണറായി കളരി സംഘം, കൊടക്കാട് നാരായണ ഫുട് ബോൾ ക്ലബ്ബ്, ഇ.എം.എസ്. സ്പോർട്സ് അക്കാദമി, ചെറുവത്തൂർ എന്നിവയ്ക്ക് കളിസ്ഥല നവീകരണത്തിനായും കായികോപകരണങ്ങൾ ലഭ്യമാക്കുന്നതിലേക്കുമായി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമനമ്പർ | അസോസിയേഷൻ/ അക്കാദമി/ ക്ലബ്ബ് | അനുവദിച്ച തുക |
|---|---|---|
| 1 | കേരള ഒളിമ്പിക് അസോസിയേഷൻ | 62.5 ലക്ഷം |
| 2 | മേഴ്സിക്കുട്ടൻ അക്കാദമി | 10 ലക്ഷം |
| 3 | ധ്യാൻചന്ദ് ഹോക്കി അക്കാദമി | 5 ലക്ഷം |
| 4 | ഇ.എം.എസ്. സ്പോർട്സ് & ഗെയിംസ് അക്കാദമി കൊട്ടുമൺ | 10 ലക്ഷം |
| 5 | സംഘം ആർട്സ് & സ്പോർസ് ക്ലബ്ബ്, മടിക്കൈ | 15 ലക്ഷം |
| 6 | പിണറായി കളരി സംഘം | 15 ലക്ഷം |
| 7 | കൊടക്കാട് നാരായണ ഫുട് ബോൾ ക്ലബ്ബ് | 2 ലക്ഷം |
| 8 | ഇ.എം.എസ്. സ്പോർട്സ് അക്കാദമി, ചെറുവത്തൂർ | 15 ലക്ഷം |

Rajeev Pillai
സെക്ഷൻ ഓഫീസർ